"ഭരണഭാഷ- മാതൃഭാഷ"

**കേരള സർക്കാർ**

**സംഗ്രഹം**

തൃശ്ശൂർ ജില്ലയിലെ തളിക്കുളം ബ്ലോക്ക് പഞ്ചായത്തിലെ സെലക്ഷൻ ഗ്രേഡ് ഡ്രൈവർ സജിമോൻ. വി. ടി-യുടെ (late) ഭവന നിർമ്മാണ വായ്പ കുടിശ്ശിക എഴുതിത്തള്ളുന്നതിന് അനുമതി നൽകി ഉത്തരവ് പുറപ്പെടുവിക്കുന്നു.

**തദ്ദേശ സ്വയംഭരണ (ഇ.ആർ.ബി) വകുപ്പ്**

സ.ഉ.(സാധാ) നം.762/2024/LSGD തീയതി,തിരുവനന്തപുരം, 20-04-2024

പരാമർശം:-

1. സ.ഉ (പി ) നം.91/2017/ധന തീയതി 17/07/2017.
2. പ്രിൻസിപ്പൽ ഡയറക്ടറുടെ 28/11/2017 തീയതിയിലെ 7864/എസ്റ്റാ.സി4/2017/സിആർഡി നമ്പർ നടപടിക്രമം.
3. ശ്രീമതി.മിനി.എൽ.പി സമർപ്പിച്ച 19/04/2022 ലെ അപേക്ഷ.
4. അക്കൗണ്ടന്റ് ജനറലിന്റെ 24/08/2022-ലെ LA3/HBA/UNIT II/ BOR 117967/854 നമ്പർ കത്ത്.
5. ഗ്രാമവികസന കമ്മീഷണറുടെ 19/01/2023-ലെ CRD/2140/ 2022-ESTT-C4 നമ്പർ കത്ത്
6. പ്രിൻസിപ്പൽ ഡയറക്ടറുടെ 18/08/2023-ലെ LSGD/PD/9277/ 2023-DEG3 നമ്പർ കത്ത്.

**ഉത്തരവ്**

തൃശ്ശൂർ ജില്ലയിലെ തളിക്കുളം ബ്ലോക്ക് പഞ്ചായത്തിലെ സെലക്ഷൻ ഗ്രേഡ് ഡ്രൈവർ ആയിരുന്ന സജിമോൻ. വി. ടി ക്ക് പരാമർശം (2) പ്രകാരം 18,75,000/-രൂപ (പതിനെട്ട് ലക്ഷത്തി എഴുപത്തയ്യായിരം രൂപ) ഭവനനിർമ്മാണ വായ്പ അനുവദിച്ചു. സജിമോൻ. വി. ടി. സർവ്വീസിലിരിക്കെ 04/12/2021 -ൽ മരണമടയുകയും ടിയാന്റെ ഭവന നിർമ്മാണ വായ്പാ കുടിശ്ശിക എഴുതിതള്ളണം എന്നപേക്ഷിച്ചുകൊണ്ട് ഭാര്യയായ ശ്രീമതി. മിനി. കെ. പി പരാമർശം (3) പ്രകാരം അപേക്ഷ സമർപ്പിക്കുകയും പ്രസ്തുത അപേക്ഷ പരാമർശം (5) പ്രകാരം ഗ്രാമവികസന കമ്മീഷണർ സർക്കാരിൽ സമർപ്പിക്കുകയുണ്ടായി. സജിമോൻ. വി. ടി. യ്ക്ക് 9,34,500/-രൂപ (ഒമ്പതുലക്ഷത്തി മുപ്പത്തിനാലായിരത്തി അഞ്ഞൂറ് രൂപ) മുതലിനത്തിലും 4,43,290/-രൂപ (നാലുലക്ഷത്തി നാൽപത്തി മൂവായിരത്തി ഇരുന്നൂറ്റി തൊണ്ണൂറ് രൂപ) പലിശയിനത്തിലും ഉൾപ്പെടെ 13,77,790/- രൂപ (പതിമൂന്ന് ലക്ഷത്തി എഴുപത്തേഴായിരത്തി എഴുന്നൂറ്റി തൊണ്ണൂറ് രൂപ മാത്രം) ബാദ്ധ്യതയുള്ളതായി പരാമർശം (4) പ്രകാരം അക്കൗണ്ടന്റ് ജനറൽ അറിയിച്ചു. സജിമോൻ. വി.ടി. യ്ക്ക് അനുവദിച്ച ഭവന നിർമ്മാണ വായ്പാത്തുക പൂർണ്ണമായും വിനിയോഗിച്ചിട്ടുള്ളതായി പരാമർശം (6) ലെ കത്തു പ്രകാരം പ്രിൻസിപ്പൽ ഡയറക്ടർ റിപ്പോർട്ട് ചെയ്തു.

സർക്കാർ ഇക്കാര്യം വിശദമായി പരിശോധിച്ചു. തൃശ്ശൂർ ജില്ലയിലെ തളിക്കുളം ബ്ലോക്ക്

പഞ്ചായത്തിലെ സെലക്ഷൻ ഗ്രേഡ് ഡ്രൈവർ ആയിരിക്കെ 04/12/2021-ൽ മരണമടഞ്ഞ സജിമോൻ. വി. ടി. യ്ക്ക് അനുവദിച്ച ഭവന നിർമ്മാണ വായ്പയിൽ കുടിശ്ശികയായ 13,77,790/- രൂപയിൽ (പതിമൂന്ന് ലക്ഷത്തി എഴുപത്തേഴായിരത്തി എഴുന്നൂറ്റി തൊണ്ണൂറ് രൂപ മാത്രം) നിന്നും പലിശയിനത്തിലെ ബാധ്യതയായ 4,43,290/-രൂപ (നാല് ലക്ഷത്തി നാൽപത്തി മൂവായിരത്തി ഇരുന്നൂറ്റി തൊണ്ണൂറ് രൂപ മാത്രം) ഒഴിവാക്കുന്നതിനും, മുതലിനത്തിലെ ബാധ്യതയായ 9,34,500/- രൂപയിൽ നിന്ന് 56,710/- രൂപ (അൻപത്തിയാറായിരത്തി എഴുന്നൂറ്റി പത്ത് രൂപ മാത്രം) 2075-00-795-98-HBA write off(N/V) എന്ന ശീർഷകത്തിൽ ചെലവും 7610-00-201-98-HBA-State Service Officers(N/V) എന്ന ശീർഷകത്തിൽ വരവും കാണിച്ച് ആകെ 5,00,000/- രൂപ (രൂപാ അഞ്ച് ലക്ഷം മാത്രം) പരാമർശം (1) ഉത്തരവിലെ വ്യവസ്ഥകൾക്ക് വിധേയമായി എഴുതിത്തള്ളുന്നതിന് അനുമതി നൽകി സർക്കാർ ഉത്തരവ് പുറപ്പെടുവിക്കുന്നു.

മുതലിനത്തിൽ ബാക്കിയുള്ള 8,77,790/- രൂപ (എട്ട് ലക്ഷത്തി എഴുപത്തി ഏഴായിരത്തി എഴുന്നൂറ്റി തൊണ്ണൂറ് രൂപ മാത്രം) ടിയാന്റെ ഡി. സി. ആർ.ജി.-യിൽ നിന്നും ഈടാക്കുവാനും ഡി.സി.ആർ.ജി. തികയുന്നില്ലെങ്കിൽ ബാക്കി വരുന്ന തുക ടിയാന്റെ സ്ഥാവരജംഗമവസ്തുക്കളിൽ നിന്നോ അനന്തര അവകാശികളിൽ നിന്നോ നിലവിലുള്ള നിയമങ്ങളും ചട്ടങ്ങളും പ്രകാരം ഈടാക്കാൻ വേണ്ട നടപടികൾ തദ്ദേശ സ്വയംഭരണ വകുപ്പ് പ്രിൻസിപ്പൽ ഡയറക്ടർ സ്വീകരിക്കേണ്ടതാണ്.

(ഗവർണറുടെ ഉത്തരവിൻ പ്രകാരം)
SHEEJA.R.S.
ജോയിന്റ് സെക്രട്ടറി

1) പ്രിൻസിപ്പൽ ഡയറക്ടർ, തിരുവനന്തപുരം
2) ശ്രീമതി. മിനി. എൽ.പി, വെള്ളിമറ്റം ഹൗസ്, കുറിച്ചിലക്കാട്, കോടനാട് പി.ഒ, എറണാകുളം-683 544 (പ്രിൻസിപ്പൽ ഡയറക്ടർ മുഖേന)
3) ബ്ലോക്ക് ഡെവലപ്മെന്റ് ഓഫീസർ, തളിക്കുളം, തൃശ്ശൂർ
4) പ്രിൻസിപ്പൽ അക്കൗണ്ടന്റ് ജനറൽ (ആഡിറ്റ്), കേരള, തിരുവനന്തപുരം
5) അക്കൗണ്ടന്റ് ജനറൽ ( എ&ഇ), തിരുവനന്തപുരം
6) ധനകാര്യവകുപ്പ്(അ.ഔ. നമ്പർ 2379594/ഡെവ-1/33/2023-ധന dated 11/03/2024)
7) വെബ് & ന്യൂ മീഡിയ ഡിവിഷൻ ഡിപ്പാർട്ട്മെന്റ് (സർക്കാർ വെബ്സൈറ്റിൽ പ്രസിദ്ധീകരിക്കുന്നതിനായി)
8) ആഫീസ് കോപ്പി/സ്റ്റോക്ക് ഫയൽ

ഉത്തരവിൻ പ്രകാരം

Signed by
Geetha.t.s
സെക്ഷൻ ഓഫീസർ
Date: 20-04-2024 14:05:57